Since 1951
Happy Hospital Day
# Jubilet
Merry Christmas everyone
Happy Birth Day Jubilet
Vol.: 3 Issue No. : 1 JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE DECEMBER 2016

*Editor's Desk*



## നീയും ഒരു മാലാഖ !!!

ഒരു അമ്മൂമ്മ കുട്ടിയ്ക്ക് കഥ പറഞ്ഞു കൊടുക്കുകയാണ്. അബ്രാഹം മകനുമൊത്ത് ബലി കഴിക്കുവാൻ വേണ്ടി മലമുകളിലേയ്ക്ക് പോകുന്നു. മകനെ ബലിയർപ്പിക്കാൻ തുനിയുകയാണദ്ദേഹം. ആ സമയത്ത് മാലാഖ പ്രത്യക്ഷപ്പെടുന്നു. "മകനു പകരം ആടിനെ ബലി കഴിച്ചാൽ മതി, ദൈവം അബ്രാഹത്തിന്റെ വിശ്വസ്തതയിൽ സംപ്രീതനായിരിക്കുന്നു."

കഥ കേട്ടു കൊണ്ടിരിക്കെ കുട്ടി ആശ്ചര്യപ്പെട്ടു, ആ മാലാഖ എങ്ങാനും വൈകിയിരുന്നെങ്കിൽ! അപ്പോൾ അമ്മൂമ്മ പറഞ്ഞു, "ഇല്ല മോനെ, മാലാഖമാർ ഒരിക്കലും വൈകാറില്ല. കാരണം അവർ മാലാഖമാരാണ്."

സ്നേഹമുള്ളവരേ, ക്രിസ്തുമസ് കാലഘട്ടം മാലാഖമാരുടെ സ്മരണകളാൽ സമ്പന്നമാണ്. മറ്റുള്ളവരുടെ ജീവിതത്തിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും 'മാലാഖ'മാരായി കടന്നു ചെല്ലുവാനുള്ള ആഹ്വാനമാണ് ഈ കാലഘട്ടം നല്കുന്നത്. പ്രത്യേകിച്ച് ഈ ആശുപത്രി അന്തരീക്ഷത്തിൽ രോഗികളുടെ ജീവിതത്തിലേയ്ക്ക് പ്രത്യാശയായി, സന്തോഷമായി കടന്നു ചെല്ലാൻ നമുക്കാകണം. നാം പരത്തുന്ന വാർത്തകൾ സദ്വാർത്തകളാകണം. നന്മ പരത്തുവാനും ചെയ്യുവാനും നമുക്ക് സാധിക്കട്ടെ. ഡിസംബർ മാസം നിന്നോട് പറയുന്നതിതാണ്, "നീയും ഒരു മാലാഖ...!"

**ഫാ. സിജോ ചെറുവത്തൂർ**
എഡിറ്റർ

*CEO Message*



## നമുക്കും ശാന്തിദൂതരാകാം

എത്രയും സ്നേഹമുള്ള ജൂബിലി കുടുംബാംഗങ്ങളേ,

ക്രിസ്തുമസ്സ് പുത്തൻ പ്രതീക്ഷയുടെയും, നിറമുള്ള സ്വപ്നങ്ങളുടെയും സമയം. ശാന്തിയുടെയും സമാധാനത്തിന്റെയും വെള്ളരിപ്രാവുകൾ മനുഷ്യമനസ്സിനെ കൂടുതൽ ആർദ്രമാക്കുന്ന ഈ പുണ്യവേളയിൽ എല്ലാ ജൂബിലി കുടുംബാംഗങ്ങൾക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ഏറെ നാളുകൾക്കുശേഷം ജൂബിലറ്റിൽ ആശംസകൾ നേരുമ്പോൾ, മൂന്നാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ, ഇതിന്റെ ഓരോ പതിപ്പും വളരെ നന്നായി അണിയിച്ചൊരുക്കുന്ന ജൂബിലറ്റിന്റെ ശില്പികൾക്ക് ഹൃദ്യമായ അഭിനന്ദനങ്ങൾ.

ക്രിസ്തുമസ്സ് കാത്തിരിപ്പിന്റെ ആഘോഷമാണ്. ഏറെ നാളുകളായി കാത്തിരുന്ന രക്ഷകന്റെ ജനനത്തിലുള്ള ആഘോഷമാണ്. ആത്മീയ ഉണർവ്വ് നൽകുന്ന ഈ വേളയിൽ, നമ്മുടെ ഒരു ചെറു പുഞ്ചിരിയ്ക്കായി, ഒരു നല്ല വാക്കിനായി, ഒരു സാന്ത്വനത്തിനായി കാത്തിരിക്കുന്ന സഹജരെ കാണുവാൻ നമുക്ക് സാധിക്കട്ടെ എന്നാശംസിക്കുന്നു. നമ്മുടെ കാഴ്ചപ്പാടുകൾ കൂടുതൽ വിശാലമാക്കിക്കൊണ്ട്, ഈ പുതുവത്സരത്തിൽ നമുക്ക് പുതിയ തീരുമാനങ്ങളെടുക്കാം. കൂടുതൽ ഹൃദയവിശാലതയോടെ സന്തോഷത്തോടെ നമ്മുടെ കർത്തവ്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിച്ചുകൊണ്ട് യഥാർത്ഥ ശാന്തി ദൂതരാകുവാൻ സാധിക്കട്ടെ എന്നും ആശംസിക്കുന്നു.

**ഡോ. ബെന്നി ജോസഫ്**
സി.ഇ.ഒ



## യാത്രാമംഗളങ്ങൾ

**ദീർഘ വർഷങ്ങളിലെ സ്നേഹശുശ്രൂഷയ്ക്ക്ശേഷം ഉപരിപഠനത്തിനായി ഫിലിപ്പൈൻസിലേക്ക് യാത്രയായ ജോബി കടപ്പൂരാനച്ചന് യാത്രാമംഗളങ്ങളും പ്രാർത്ഥനകളും....**

## ലോഗോസ് ക്വിസ് വിജയികൾ

2016-ൽ നടന്ന ലോഗോസ് ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ സി. ലളിത CHF- ന്യൂറോ ഒ.ടി., ജിന ജോണി - സെന്റ് ലോയോള വാർഡ്, രണ്ടാം സ്ഥാനം നേടിയ സി. മെറീന വട്ടോത്ത് SNDS- ഫാർമസി എന്നിവർക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.




## ഡിസംബർ 17 ആശുപത്രി സ്ഥാപനദിനം

ആശുപത്രിയുടെ വളർച്ചക്ക് പിന്നിൽ കഠിനാദ്ധ്വാനം ചെയ്ത എല്ലാ നല്ല മനസ്സുകളേയും ഓർമ്മിച്ചുകൊണ്ട് നന്ദിയുടെയും സ്നേഹത്തിന്റെയും പുച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ട്

**അഭിനന്ദനങ്ങൾ!**



# ത്വക് രോഗവിഭാഗം





ചർമ്മം ഏറ്റവും വലിയ അവയവമാണ്. അതിനു പലപ്രവർത്തനങ്ങളും ഉണ്ട്. ചർമ്മം ആന്തരീകാവയവങ്ങളെ ആവരണം ചെയ്ത് അവയെ കാത്തു സൂക്ഷിക്കുന്നു. വിറ്റാമിൻ Dയുടെ ഉൽപാദനം നടക്കുന്നത് തൊലിയിലാണ്. ശരീരത്തിൽ താപം ക്രമീകരിക്കുന്നതിൽ ചർമ്മത്തിന് വലിയ പങ്കുണ്ട്. ത്വക് രോഗ വിഭാഗത്തിൽ ഏറ്റവും പ്രധാനമായത് രോഗനിർണ്ണയമാണ്. ത്വക് പരിശോധനയും ചില രോഗങ്ങൾക്ക് അതുമായി ബന്ധപ്പെട്ട ലബോറട്ടറി പരിശോധനയും ഇതിനു സഹായിക്കുന്നു. ചില രോഗങ്ങൾക്ക് ബയോപ്സി പരിശോധനയും ആവശ്യമാണ്.

ചിലതരം രോഗങ്ങൾ എന്തുകൊണ്ടുണ്ടാവുന്നു എന്ന് നിർണ്ണയിക്കുന്നതിന് പാച്ച് (Patch) ടെസ്റ്റ് ആവശ്യമാണ്. സോറിയാസിസ്, വിറ്റലൈഗോ (വെള്ളപ്പാണ്ട്) എന്നിവയ്ക്കു UVA / UVB Therapy നല്കുവാൻ ഇവിടെ സൗകര്യമുണ്ട്. ജൂബിലിയിലെ ത്വക് രോഗവിഭാഗത്തിൽ ഡോ. ശ്രീദേവി, ഡോ. മേഴ്സി പോൾ ആൻഡ്രൂസ്, ഡോ. ഡേവിഡ്, ഡോ. വർഗ്ഗീസ് ജെയിംസ്, ഡോ. നിമ, ഡോ. പ്രിൻസി എന്നിവരാണ് സേവനമനുഷ്ഠിക്കുന്നത്. ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും ഒ.പി. ചികിത്സ ഉണ്ടായിരിക്കുന്നതാണ്.

# JCMR യോഗം



ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിന്റെ ഗവേഷണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ഉപദേശക സമിതിയുടെ രണ്ടാമത് യോഗം 2016 നവംബർ 11ന് സിസിഎം ഹാളിൽ നടന്നു. യോഗത്തിൽ മാനേജിങ്ങ് ബോർഡ് ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു.

ഉപദേശക സമിതി അംഗങ്ങളായ ഡോ. ഇ.ഡി. ജെമ്മീസ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ), ഡോ. എൻ. ശ്രീകുമാരൻ നായർ (മണിപ്പാൽ യൂണിവേഴ്സിറ്റി), ഡോ. സി.കെ.കെ. നായർ (സെന്റ് ഗ്രിഗോറിയോസ് സെന്റർ കോളേജ്, കോതമംഗലം) ഡോ. പി.എ. സുരേഷ് (ഐക്കൺ, ഷൊർണ്ണൂർ), കെ.എസ്. ഷാജി (മെഡിക്കൽ കോളേജ്, തൃശ്ശൂർ) എന്നിവർ പങ്കെടുത്തു. യോഗത്തിൽ, ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയ ഉപദേശക സമിതി അംഗങ്ങൾ സംതൃപ്തിപ്രകടിപ്പിക്കുകയും കൂടുതൽ നിർദ്ദേശങ്ങൾ മുന്നോട്ടുവെയ്ക്കുകയും ഉണ്ടായി.

# ലോക പ്രമേഹദിനം




ലോകപ്രമേഹദിനത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ സൗജന്യ പ്രമേഹരോഗനിർണ്ണയവും, പ്രമേഹരോഗികൾക്കായി സൗജന്യ നേത്രപരിശോധനയും (ഡയബറ്റിക്ക് റെറ്റിനോപതി) നടന്നു. 'പ്രമേഹവും ആഹാരക്രമവും' എന്ന വിഷയത്തെ ആസ്പദമാക്കി പൊതുജന ബോധവത്കരണ സെമിനാറും നടത്തി. എന്റോക്രൈനോളജി, ജനറൽ മെഡിസിൻ, ഒഫ്താൽമോളജി വിഭാഗങ്ങൾ സംയുക്തമായി നടത്തിയ പരിപാടിയുടെ ഉദ്ഘാടനം ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു.

# ജൂബിലി കളേഴ്സ്- ജില്ലാതല ചിത്രരചനാ മത്സരം



ശിശുദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിലെ പേഷ്യന്റ് റിലേഷൻസ് ഡിപ്പാർട്ട്മെന്റും പീഡിയാട്രിക് ഡിപ്പാർട്ട്മെന്റും സംയുക്തമായി ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്കായി ജില്ലാതല ചിത്രരചനാ മത്സരം ജൂബിലി കളേഴ്സ് -2016 സംഘടിപ്പിച്ചു. തൃശ്ശൂർ ജില്ലയിലെ നൂറോളം സ്കൂളുകളിൽ നിന്നായി അഞ്ഞൂറോളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. പരിപാടിയുടെ ഉദ്ഘാടനം സിനിമാതാരം ജിഷിൻ കെന്നയ്യും പിന്നണിഗായിക പാർവ്വതി മേനോനും ചേർന്ന് നിർവ്വഹിച്ചു.

# ലോക റേഡിയോളജി ദിനം



നവംബർ 3-ന് ലോക റേഡിയോളജി ദിനം ആചരിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. ബാലചന്ദ്രൻ നായർ എല്ലാവർക്കും ആശംസകൾ നേർന്നു. ഡോ. റെജി ജോർജ്ജ് എ.എൻ. റേഡിയോളജിയുടെ പിതാവായ റോൺജന്റെ ലഘു ജീവചരിത്രവും ദിനത്തിന്റെ പ്രാധാന്യവും വിവരിച്ചു. വിദ്യാർത്ഥികൾ പൊതുജനബോധവത്കരണത്തിനായി പോസ്റ്ററുകൾ തയ്യാറാക്കി പ്രദർശിപ്പിച്ചു.

# അഭിനന്ദനങ്ങൾ

കേരള ആരോഗ്യ സർവ്വകലാശാലയുടെ MBBS പരീക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് 13-ാം ബാച്ചിലെ (2015-2016) മുഴുവൻ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ



CNGI (കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ) കരുണയുടെ വർഷം പ്രഖ്യാപിച്ച ബസ്റ്റ് സ്റ്റാഫ് നഴ്സ് ആയി തിരഞ്ഞെടുക്കപ്പെട്ട മിസ്സിസ് റജീന നെൽസൻ (ഇൻചാർജ്ജ്, ന്യൂറോ ICU), മാർ ജേക്കബ് തൂങ്കുഴി പിതാവിൽ (ആർച്ച്ബിഷപ്പ് എമരിത്തൂസ്) നിന്നും അവാർഡ് സ്വീകരിക്കുന്നു.



ഫ്രാൻസിലെ സ്ട്രാസ്ബർഗ് യൂണിവേഴ്സിറ്റി ആശുപത്രിയിലെ മിനിമൽ ഇൻവേസീവ് സർജറി ട്രെയ്നിങ്ങ് സെന്ററിന്റെ FOGSI ഇന്റർനേഷണൽ ട്രാവലിങ്ങ് ഫെല്ലോഷിപ്പിന് ഡോ. അശ്വത്ത് കുമാർ (പ്രൊഫസർ, ഗൈനക്കോളജി വിഭാഗം) അർഹനായി. 2017 ജനുവരിയിൽ അഹമ്മദാബാദിൽ നടക്കുന്ന ഓൾ ഇന്ത്യാ കോൺഗ്രസ്സ് ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജിയിൽ വച്ച് അവാർഡ് നല്കും.



IMAയുടെ ഈ വർഷത്തെ പ്രൊഫഷണൽ എക്സലൻസ് അവാർഡ് ഇൻ ഓർത്തോപീഡിക്സ്-ന് അർഹനായ ഡോ. രാജീവ് റാവു (പ്രൊഫസർ, ഓർത്തോ വിഭാഗം).

## അർബുദ ചികിത്സയ്ക്ക് കീമോതെറാപ്പിയേക്കാൾ നല്ലത് ഇമ്മ്യുണോതെറാപ്പി

JOURNAL CLUB

ജൂബിലി റിസർച്ച് വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള ജേണൽ ക്ലബ്ബിന്റെ പത്താമത് യോഗം നവംബർ 16 ന് നടന്നു. യോഗത്തിൽ മെഡിക്കൽ ആന്റ് ഹെമറ്റോ consultant ഡോ. മിഥുൻ ചാക്കോ ജോൺ അർബുദ രോഗികൾക്കുള്ള ഒരു പ്രധാന ചികിത്സാരീതിയായ കീമോതെറാപ്പിയേക്കാൾ ഗുണമേന്മയുള്ള ചികിത്സയായി, ഇമ്മ്യുണോതെറാപ്പി മാറി കൊണ്ടിരിക്കുകയാണെന്ന് അഭിപ്രായപ്പെട്ടു. പെംബ്രോലിസുമബ് ഉപയോഗിച്ച് ശ്വാസകോശാർബുദരോഗികളിൽ പതിനാറ് രാജ്യങ്ങളിലായി നടത്തിയ ഗവേഷണത്തിൽ രണ്ട് വർഷം നീണ്ട ചികിത്സാക്രമമാണ് ഉപയോഗിച്ചത്. കീമോതെറാപ്പി ലഭിച്ച രോഗികളേക്കാൾ അമ്പത് ശതമാനത്തിലധികം ഗുണം ഇമ്മ്യുണോതെറാപ്പി ലഭിച്ച രോഗികൾക്ക് ലഭിച്ചതായി 2016 ഒക്ടോബർ മാസത്തിൽ ദി ന്യൂ ഇംഗ്ലണ്ട് ജേണൽ ഓഫ് മെഡിസിനിൽ പ്രസിദ്ധീകരിച്ച ലേഖനത്തെ ഉദ്ധരിച്ച് അദ്ദേഹം അഭിപ്രായപ്പെട്ടു. ജൂബിലി മെഡിക്കൽ കോളേജ് മേധാവികൾ, അദ്ധ്യാപകർ, ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾ, ഗവേഷകർ, സ്റ്റാഫ് എന്നിവരുൾപ്പെടെ 30-ഓളം പേർ യോഗത്തിൽ പങ്കെടുത്തു. ജേണൽ ക്ലബ്ബിന്റെ അടുത്ത യോഗം ഡിസംബർ 21 ന് 12 മണിക്ക് സിസിഎം ഹാളിൽ നടക്കും.

## Welcome to Jubilee Family

| No | Name | Department |
|---|---|---|
| 1 | Kavitha Babu K | Auxiliary Nursing |
| 2 | Dr Jibin Jose | Cardiac Surgery |
| 3 | Dr Maymol P Varghese | Cardiac Surgery |
| 4 | Dr Sherin P J | Cardiac Surgery |
| 5 | Dawn V J | Central Purchase Department |
| 6 | Vidya M B | Counter |
| 7 | Dr Jidhin Davis | Emergency Medicine |
| 8 | Sr Geena Rose | General |
| 9 | Sr Maria Alfonsa | General |
| 10 | Dr Davis Joseph K J | General Surgery |
| 11 | Dr Chitra Mary Paul | Nephrology |
| 12 | Anjitha Suresh | Nursing |

| No | Name | Department |
|---|---|---|
| 13 | Elby Yohannan | Nursing |
| 14 | Geethu Joseph | Nursing |
| 15 | Greeshma E P | Nursing |
| 16 | Linda Varghese | Nursing |
| 17 | Rahana K T | Nursing |
| 18 | Rani Tom | Nursing |
| 19 | Rosemol Varghese | Nursing |
| 20 | Soumia Rappai | Nursing |
| 21 | Soumya C U | Nursing |
| 22 | Dr Anjaly V T | Pulmonology |
| 23 | Sumayya N A | Radiology |
| 24 | Dr Sherin P A | Urology |

# ക്രിസ്തുവിനായി ഹൃദയം തുറക്കാമോ?



ക്രിസ്തുമസ്സിന് ഏറ്റവും കൂടുതൽ ഒരുങ്ങിയത് പിതാവായ ദൈവമായിരുന്നു. അവിടുന്ന് അനാദിമുതലേ ഒരുങ്ങി. യഥാർത്ഥ ത്തിൽ ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് പരിശുദ്ധ മറിയത്തോട് ആവ ശ്യപ്പെട്ടത് – നീ ലോകത്തിന് ക്രിസ്തുവിനെ നൽകുമോ എന്നാണ്.

'The light of the world' എന്ന ചിത്രത്തിന്റെ പ്രശസ്തനായ ഹോൾ മാൻ ഹണ്ട് എന്ന ചിത്രകാരൻ, യേശുക്രിസ്തു വാതിലിൽ മുട്ടുന്ന ഒരു ചിത്രം വരച്ചശേഷം പല വ്യക്തികളെ കാണിച്ചു. പലരും അതിലുള്ള കുറവുകൾ എടുത്തു പറഞ്ഞു. യേശുക്രിസ്തു മുട്ടുന്ന വാതിലിന് പുറത്ത് ഒരു കൈ പിടി ഇല്ലെന്നാണ് ഏവരും പറഞ്ഞത്. എന്നാൽ ചിത്രകാരൻ മനഃപൂർവ്വം വരയ്ക്കാതിരിക്കുന്ന തിന്റെ കാരണം വിവരിച്ചതിങ്ങനെയാണ്. 'മനുഷ്യ ഹൃദയങ്ങളാ കുന്ന വാതിലുകളാണ് യേശു മുട്ടുന്നത്. ഹൃദയത്തിന്റെ ഉടമക ളാണ് മനുഷ്യൻ. വാതിൽ തുറന്നുകൊടുക്കുന്നത് അവന്റെ സ്വാത ന്ത്ര്യമാണ്. ഉള്ളിൽ നിന്ന് തുറന്നുകൊടുത്തലേ അകത്ത് പ്രവേശി ക്കാനാകൂ....' അതായത് നാം ഓരോരുത്തരും യേശുക്രിസ്തുവി നായി ഹൃദയം തുറന്നുകൊടുക്കേണ്ടിയിരിക്കുന്നു. വചനത്തെ ഹൃദയത്തിൽ സ്വീകരിക്കുവാൻ ഞാൻ എന്തു ചെയ്യുന്നു? ക്രിസ്തു മസ്സിനായി നാം പലവിധത്തിൽ ഒരുക്കങ്ങൾ നടത്തുന്നു. നോമ്പ്, പരിത്യാഗങ്ങൾ, പ്രാർത്ഥനകൾ, പുൽക്കൂട് നിർമ്മാണം, സമ്മാന കൈമാറ്റങ്ങൾ, ആശംസകൾ അറിയിക്കൽ.... തുടങ്ങി പലതും.

**ഈ ക്രിസ്തുമസ്സ്, ആഘോഷങ്ങളിൽ മാത്രമാകാതെ ആത്മീയതയിൽ നിറയാൻ നമുക്ക് ശ്രമിക്കാം.**

**കത്തോലിക്കാ തിരുസഭ നോമ്പിന്**
**3 അർത്ഥതലങ്ങൾ.**

- എല്ലാ സൃഷ്ടജാലങ്ങളുടേയും അധിനാഥൻ ദൈവമാണ് എന്ന് ഏറ്റുപറയുവാൻ
- ദുരാശകളെ നിയന്ത്രിക്കുവാൻ ഒരവസരം
- പാപത്തിന് പരിഹാരം ചെയ്യുവാനുള്ള അവസരം

**സി.ബനഡിക്ട എസ്.എം.സി.**, ഓൾഡ് ബ്ലോക്ക് കൗണ്ടർ



# ആയുർവ്വേദം കാലാതീതം



ചികിത്സയിൽ മാനസികഭാവങ്ങൾക്ക് ഇത്രയധികം പ്രാധാന്യം കൊടുത്ത മറ്റൊരു ചികിത്സാരീതിയുണ്ടാവുകയില്ല. ആയുർവ്വേദ ഗ്രന്ഥമായ അഷ്ടാംഗഹൃദയം ആരംഭിക്കുന്നതുതന്നെ രാഗം, മോഹം, ക്രോധം തുടങ്ങിയവയെ ചികിത്സിക്കുന്ന അപൂർവ്വ വൈദ്യനെ നമിച്ചുകൊണ്ടാണ്. രാഗാദികളാണ് എല്ലാ രോഗത്തി ന്റേയും അടിസ്ഥാനം എന്ന് ആയുർവ്വേദ ആചാര്യന്മാർ അഭിപ്രായ പ്പെടുന്നു. ആയുർവ്വേദത്തിൽ എല്ലാതരത്തിലുള്ള മാനസിക പ്രശ് നങ്ങൾക്കുള്ള മരുന്നുകളും ചികിത്സയും ലഭ്യമാണ്. ആയുർവ്വേദ കോളേജിൽ മാനസികരോഗ ചികിത്സയിൽ ബിരുദാനന്തര ബിരുദം നടക്കുന്നുണ്ട്. മാനസികരോഗങ്ങൾക്ക് ഫലപ്രദമായ ആയുർവ്വേദ ചികിത്സ പണ്ടുമുതലേ ഭാരതത്തിൽ ലഭ്യമായിരുന്നു. ആയിരത്തിന്റേയും അഞ്ഞൂറന്റേയും നോട്ടുകൾ പിൻവലിച്ചതു കൊണ്ട് ഏറ്റവും തിരക്കുണ്ടായ ഒ.പി.കൾ മാനസിക രോഗവിഭാഗ ത്തിലാണെന്ന് പറയപ്പെടുന്നു. എന്തുകൊണ്ടാണ് ചിലർക്ക് മാത്രം മാനസികരോഗങ്ങൾ വരുന്നത് ?

പാരമ്പര്യം, തലച്ചോറിലുണ്ടാകുന്ന തകരാറുകൾ, വിവിധ ശാരീരിക രോഗങ്ങൾ എന്നിവ കാരണം ആകുന്നുണ്ടെങ്കിലും ഒരു വ്യക്തിയുടെ മനസ്സിനുണ്ടാകുന്ന ബലക്കുറവുതന്നെയാണ് 90% മാനസിക രോഗങ്ങൾക്കും കാരണം ആയിത്തീരുന്നത് എന്നാണ് വ്യക്തിപരമായ അഭിപ്രായം. എങ്ങിനെയാണ് ഒരു വ്യക്തിക്ക് മാന സിക ബലക്കുറവ് ഉണ്ടാകുന്നത്? ആദ്യകാരണം, ഗർഭാവസ്ഥയിൽ അമ്മയ്ക്ക് നേരിടേണ്ടി വരുന്ന മാനസിക സംഘർഷം തന്നെയാണ്. കുഞ്ഞ് ജനിച്ചുകഴിഞ്ഞാൽ അമ്മയിലൂടെയാണ് കുഞ്ഞ് ലോകത്തെ കാണുന്നത്. അമ്മയുടെ അസാന്നിധ്യം കുഞ്ഞിന് മാനസികസംഘർങ്ങൾക്ക് കാരണം ആയി തീരും. മാതാപിതാക്കളുടെ സ്നേഹപരിചരണങ്ങൾ ആവോളം ലഭിച്ച വ്യക്തികൾ വളരെയധികം മാനസികബലം ഉള്ളവരായി കാണപ്പെ ടുന്നു. ആവശ്യത്തിന് സ്നേഹം ലഭിച്ച കുട്ടികളിൽ കൃത്യമായ രീതിയിലുള്ള ശിക്ഷണങ്ങളും ലഭിച്ചു കഴിഞ്ഞാൽ കുട്ടികളെ പക്വ തയുള്ളവരാക്കി മാറ്റാം. കുട്ടികളിൽ മൂത്തവർക്ക് മറ്റേ കുട്ടികളേ ക്കാൾ പൊതുവേ മാനസിക ബലം കുറഞ്ഞിരിക്കും. അതിനാൽ അവർക്ക് കൂടുതൽ പ്രോത്സാഹനം ആവശ്യമാണ്. കൗമാര കാല ഘട്ടം പൊതുവെ പ്രശ്നങ്ങൾ കൂടുതൽ കൊണ്ടു വരുന്ന കാലഘ ട്ടം ആണ്. ഈ സമയത്ത് ഉപദേശത്തേക്കാൾ, കേൾക്കുന്നതിന് പ്രാധാന്യം കൊടുക്കണം..

ഒട്ടുമിക്ക മാനസികരോഗങ്ങൾക്കും ആയുർവ്വേദത്തിൽ ഫലപ്രദ മായ ചികിത്സ ലഭ്യമാണ്. കുട്ടികളിൽ കാണപ്പെടുന്ന 'ഓട്ടിസം' എന്ന രോഗം തുടക്കത്തിൽ ചികിത്സിക്കാനായാൽ പൂർണ്ണമായും മാറ്റിയെടുക്കാൻ സാധിക്കാറുണ്ട്. പഠനവൈകല്യം പോലുള്ള രോഗങ്ങളിൽ ആയുർവ്വേദ മരുന്നുകളോടൊപ്പം പരിശീലനവും സമ ന്വയിപ്പിക്കുമ്പോൾ ചികിത്സ കൂടുതൽ ഫലിക്കുന്നു. Depression, OCD, ഉൽകണ്ഠാരോഗം, ഭയം തുടങ്ങിയവയ്ക്ക് ശാസ്ത്രീയമായ ആയുർ വ്വേദ ചികിത്സകൾ ലഭ്യമാണ്. ഉൻമാദം (സ്കിസോഫ്രീനിയ) തുട ങ്ങിയ രോഗങ്ങൾക്ക് ആയുർവ്വേദത്തിലെ പഞ്ചകർമ്മ ചികിത്സ കൊണ്ട് സൗഖ്യം ലഭിക്കാറുണ്ട്. വലിയ തെറ്റുകൾ ചെയ്തുപോ യാൽ'പ്രഞ്ജാപരാധം' കൊണ്ട് മാനസികരോഗം വരാം. അവിടെ പശ്ചാത്താപവും ദാനധർമ്മങ്ങളും ചികിത്സയായി വിധിക്കുന്നു. മാനസിക രോഗികൾ മാംസവും മദ്യവും ഒരിക്കലും കഴിക്കരുത് എന്ന് ആയുർവ്വേദം വിധിക്കുന്നു. പാപ കർമ്മങ്ങളിൽ നിന്ന് അക ന്ന്, ശുദ്ധമായ ആഹാര വിഹാരണങ്ങളോട് ചേർന്ന് നിന്നാൽ മാന സിക രോഗങ്ങളെ അതിജീവിക്കാൻ സാധിക്കും

**ഡോ. അനുമോദ് കാക്കശ്ശേരി,** എം. ഡി. ആയുർവ്വേദം
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ

Editorial Board
Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Anto Twinkle
Ms. Suma Paul | Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Greeshma | Ms. Minty